"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്-പഠനമുറി പദ്ധതി- 100% കാഴ്ച വൈകല്യമുള്ള കുമാരി. അലൈന ബാലന് പഠനമുറി ധനസഹായം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.173/2024/SCSTD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:- 1. സ.ഉ.(പി)നം.5/2022/പജപവവിവ തീയതി 05.12.2022.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 1.12.2023 ലെ SCDD/5752/2023-B2 (DEV B)നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ മതിലകം ത്രുമാട്ട് വീട്ടിൽ ശ്രീമതി.തങ്ക, തന്റെ ചെറുമകളായ കുമാരി അലൈനക്ക് പഠനമുറി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, പൂർണ്ണമായും കാഴ്ച വൈകല്യമുള്ള എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ കുമാരി.അലൈനയുടെ മാതാപിതാക്കൾ വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടതാണെന്നും, നിലവിൽ പ്രായമായ മുത്തശ്ശി തങ്കയുടെ സംരക്ഷണയിലാണ് ടി വിദ്യാർത്ഥിനി കഴിയുന്നതെന്നും, 26 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇടുങ്ങിയ 2 മുറികളുള്ള വീട്ടിലാണ് ഇവർ താമസിക്കുന്നതെന്നും, പഠനമുറി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് പ്രകാരം പഠനമുറി ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകളിൽ 12-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിയതിന് ശേഷമേ മറ്റുള്ളവരെ പരിഗണിക്കേണ്ടതുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ കുമാരി.അലൈനക്ക് ഈ വർഷം പഠനമുറി ലഭിക്കാൻ സാധ്യതയില്ലാത്തതാണെന്നും അലൈനയുടെ ദയനീയ സാഹചര്യം പരിഗണിച്ച് ഈ സാമ്പത്തിക വർഷം തന്നെ പഠനമുറി നിർമ്മിക്കുന്നതിനുള്ള പ്രത്യേക അനുമതി ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ

അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 100% കാഴ്ച വൈകല്യമുള്ളതും, മാതാപിതാക്കൾ നഷ്ടപ്പെട്ട്, പ്രായമായ മുത്തശ്ശിയുടെ സംരക്ഷണയിൽ കഴിയുന്ന കുമാരി അലൈനയുടെ സാഹചര്യം കണക്കിലെടുത്ത് ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, പരാമർശം(1) ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, 2023-24 സാമ്പത്തിക വർഷം തന്നെ കുമാരി.അലൈനക്ക്, പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്വപ്ന.എം

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം

ശ്രീമതി തങ്ക , ളുമാട്ട് വീട് , മതിലകം പി.ഒ, തൃശ്ശൂർ 680685

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,

തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sreelekha. G.

Date: 14-03-2024 15:25:03

സെക്ഷൻ ഓഫീസർ

പകർപ്പ് :-പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്

അഡീഷനൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്